പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4713 | 26/06/2019- ൽ മറുപടിയ്ക്ക്

**കൃഷിഭവനുകൾ മുഖേനയുള്ള നാളികേരസംഭരണം**

| ചോദ്യം<br>**ശ്രീ.ജോർജ് എം. തോമസ്** | ഉത്തരം<br>**ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**( കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| (എ) മിനിമം വില നിശ്ചയിച്ച് നാളികേര കർഷകരിൽ നിന്നും കൃഷിഭവനുകൾ മുഖേന നാളികേരം സംഭരിക്കുന്നത് നിർത്തിവയ്ക്കുവാനിടയായ സാഹചര്യം വിശദമാക്കാമോ; | (എ) മിനിമം വില നിശ്ചയിച്ച് നാളികേര കർഷകരിൽ നിന്നും കൃഷി ഭവനുകൾ മുഖേന നാളികേരം സംഭരിക്കുന്നതിൽ അപാകതകൾ കണ്ടെത്തിയതിനെ തുടർന്നാണ് കൃഷി ഭവൻ മുഖേനയുള്ള നാളികേര സംഭരണം നിർത്തിവയ്ക്കാൻ ഇടയായത്. 2017-18 , 2018-19 വർഷങ്ങളിൽ നാളികേരത്തിന് മെച്ചപ്പെട്ട വില ലഭിച്ചതിനാൽ പച്ചത്തേങ്ങ സംഭരണം തുടരേണ്ടതായ സാഹചര്യം ഉണ്ടായില്ല. |
| (ബി) വിലത്തകർച്ചമൂലം പ്രയാസപ്പെടുന്ന നാളികേരകർഷകരെ സഹായിക്കുന്നതിന് പ്രസ്തുത തീരുമാനം പുനഃപരിശോധിച്ച് സംഭരണം പുനരാരംഭിക്കുന്നത്തിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ ? | (ബി) കേരളത്തിലെ നാളികേര കർഷകരെ സഹായിക്കുന്നതിനായി പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് . പച്ചത്തേങ്ങ സംഭരണ ത്തിനുള്ള സ്റ്റേറ്റ് ലെവൽ ഏജൻസിയായി കേരഫെഡിനെ സർക്കാർ നിയമിച്ചിട്ടുണ്ട്. കർഷകരിൽ നിന്നും 27 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ സ്റ്റേറ്റ് നോഡൽ ഏജൻസിയായ കേരഫെഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Smitathiran

**സെക്ഷൻ ഓഫീസർ**